# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3729 — 17.10.2011-ലെ മറുപടിക്ക്

## ജല പരിശോധന

**ചോദ്യം**
**ശ്രീമതി കെ.എസ്. സലീഖ**

**മറുപടി**
**ശ്രീ. പി.ജെ. ജോസഫ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ കൃത്യമായി പരിശോധിക്കാറുണ്ടോ ; എത്ര ദിവസത്തിൽ ഒരിക്കലാണ് പരിശോധന നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(എ) കേരളാ ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്.

ശുദ്ധീകരണശാലകളുൾപ്പെട്ട പദ്ധതികളിൽ നിന്നും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ ശുദ്ധീകരണശാലയോടനുബന്ധിച്ചുള്ള ലാബിൽ ദിവസേന നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

ഇതിനുപുറമേ കേരള ജല അതോറിറ്റിയുടെ പദ്ധതികളിൽ നിന്നുമുള്ള കുടിവെള്ളത്തിന്റെ സാമ്പിളുകൾ താഴെ പറയുന്ന പട്ടികപ്രകാരം ക്വാളിറ്റി കൺട്രോൾ ഡിവിഷനുകളും പരിശോധിക്കുന്നുണ്ട്.

| ക്രമ നം. | പദ്ധതി | പരിശോധന ക്രമം |
|---|---|---|
| 1. | ഒരു ലക്ഷത്തിൽ കൂടുതൽ ഗുണഭോക്താക്കളുള്ള പദ്ധതി | മാസത്തിൽ രണ്ടു തവണ |
| 2. | 50000-നു ഒരു ലക്ഷത്തിനും ഇടയിൽ ഗുണഭോക്താക്കളുള്ള പദ്ധതി | മാസത്തിൽ ഒരു തവണ |
| 3. | 20000-നും 50000-നും ഇടയിൽ ഗുണഭോക്താക്കളുള്ള പദ്ധതി | മൂന്നു മാസത്തിലൊരിക്കൽ |

| | | |
|---|---|---|
| 4. | 5000-നും 20000-നും ഇടയിൽ ഗുണഭോക്താക്കളുള്ള പദ്ധതി | ആറ് മാസത്തിലൊരിക്കൽ |
| 5. | 5000-ൽ കുറവ് ഗുണഭോക്താക്കളുള്ള പദ്ധതി | വർഷത്തിലൊരിക്കൽ |

ഇതിനുപുറമേ ഗുണനിലവാര പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ കുടിവെള്ള പരിശോധന നടത്തി അതാത് സമയങ്ങളിൽ സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനാ ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർ കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നുണ്ട്. ഇതിനുപുറമേ പൊതുജനങ്ങൾക്ക് കേരളാ ജല അതോറിറ്റിയുടെ ലാബുകളിൽ നിശ്ചിത ഫീസ് അടച്ച് കുടിവെള്ള സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള സൗകര്യം ലഭ്യമാണ്.

(ബി) ഇപ്പോൾ എവിടെയാണ് ജലം പരിശോധിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) കേരളാ ജല അതോറിറ്റിക്ക് എല്ലാ ജില്ലകളിലും കുടിവെള്ള ഗുണനിലവാര പരിശോധനാ ലാബുകൾ നിലവിലുണ്ട്. ഇതുകൂടാതെ എറണാകുളത്ത് നെട്ടൂരിൽ കുടിവെള്ള പരിശോധനയ്ക്കുള്ള അത്യാധുനിക സൗകര്യങ്ങളുള്ള 'സ്റ്റേറ്റ് റഫറൽ ഇൻസ്റ്റ്യൂട്ടും' പ്രവർത്തിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ജലം പരിശോധിക്കാൻ എത്ര കേന്ദ്രങ്ങൾ ഉണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ ?

(സി) കേരളാ ജല അതോറിറ്റിയുടെ കീഴിൽ '14' ജില്ലകളിലും ഓരോ ജില്ലാ ലാബും എറണാകുളം ജില്ലയിലെ നെട്ടൂരിൽ ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റ്യൂട്ടും പ്രവർത്തിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ